ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലില്ല.

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമായശേഷം പരിശോധിക്കുന്നതാണ്.

ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ നടപടി

19 (2570) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമേഹ, ക്യാൻസർ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കുമോ ;

(ബി) ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമം ഇല്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി തുടങ്ങിയ വിവിധ കാരണങ്ങളാൽ പ്രമേഹവും ക്യാൻസറും ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രമേഹരോഗികളും ക്യാൻസർ രോഗികളും കേരളത്തിലാണ് കൂടുതലെന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നു. 20-27% പേർക്ക് പ്രമേഹവും പ്രതിവർഷം ഒൻപതിനായിരം പേർക്ക് ക്യാൻസറും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു.

(ബി) ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 230 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു.

ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലം വരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീരോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗ പരിശീലനവും നടത്തിവരുന്നു.

വ്യാജ ജാതി സർട്ടിഫിക്കറ്റ്

20 (2571) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ റ്റി.ബി. സെല്ലിൽ ഇപ്പോൾ അസിസ്റ്റന്റ് ഡയറക്ടർ ആയി പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥൻ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് സർക്കാർ ജോലി നേടിയത് എന്നുള്ള എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടിയാണ് സ്വീകരിച്ചതെന്നും ഇല്ലെങ്കിൽ എന്ത നടപടിയാണ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ റ്റി.ബി. അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുവരുന്ന ഡോ. ജയശങ്കർ. എസ്.-നെതിരെ അദ്ദേഹം പുനലൂർ ഗവൺമെന്റ് ആശുപത്രിയിൽ ജോലി ചെയ്യുവരവെ ഇപ്രകാരം ഒരു ആരോപണം 2006-ൽ ഉണ്ടാകുകയും ഈ വിഷയത്തിൽ ഡോ. ജയശങ്കർ. എസ്., ഫയൽ ചെയ്ത ഒ.പി. നമ്പർ 6791/94 പ്രകാരം ബഹുമാനപ്പെട്ട കോടതി തുടർനടപടികൾ നിറുത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly